നീലംപേരൂർ സെന്റ് ജോർജ്ജ് ക്നാനായ വലിയപള്ളിയിൽ നടന്ന 1666 –ാ മത് സിറിയൻ ക്നാനായ വാർഷിക സംഗമം റിപ്പോർട്ട്

സ്മിജു ജേക്കബ് മറ്റയ്ക്കാട്ട്
(ജനറൽ സെക്രട്ടറി, ക്നാനായ കോൺഗ്രസ്സ്)

ക്നാനായ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ 1666–ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം 2011 മെയ് 27, 28, 29 തീയതികളിലായി ആത്മീയ ചരിത്രത്തിന്റെ പാതയിൽ ഒട്ടേറെ പ്രത്യേകതകളുള്ള നീലംപേരൂർ സെന്റ് ജോർജ്ജ് ക്നാനായ വലിയപള്ളിയിലെ മോർ ക്ലീമീസ് നഗറിൽവെച്ച് പ്രൗഢഗംഭീരമായി നടത്തപ്പെട്ടു. 27–ാം തീയതി വെള്ളിയാഴ്ച രാവിലെ 9.30–ന് ക്നാനായ കോൺഗ്രസ്സ് പ്രസിഡന്റ് റവ. ഫാ. ജേക്കബ് കല്ലുകുളം സമ്മേളന നഗരിയിൽ പതാക ഉയർത്തിയതോടെ മൂന്ന് ദിവസത്തെ ക്നാനായ കുടുംബമേളയ്ക്ക് തുടക്കമായി. 11.30–ന് സ്കൂൾ, കോളജ്, സണ്ടേസ്കൂൾ അധ്യാപകർ പങ്കെടുത്ത ക്നാനായ അദ്ധ്യാപക സംഗമം നടന്നു. വികാരി ജനറാൾ, സണ്ടേസ്കൂൾ സമാജം ഡയറക്ടർ റവ. ഫാ. പ്രസാദ് കുരുവിള കോവൂരിന്റെ അദ്ധ്യക്ഷതയിൽ റാന്നി സെന്റ് തോമസ് കോളജ് പ്രിൻസിപ്പാൾ ഡോ. ഏബ്രഹാം വി. കുറിയാക്കോസ് സംഗമം ഉദ്ഘാടനം ചെയ്തു. എടത്വാ സെന്റ് അലോഷ്യസ് കോളജ് പ്രിൻസിപ്പാൾ ഡോ. പി. സി. അനിയൻകുഞ്ഞ് മുഖ്യ പ്രഭാഷണം നടത്തി. ഡോ. ഏബ്രഹാം പൂന്നൂസ് കല്ലുകുഴിയിൽ, വത്സല സഖറിയാ കെ., ജെഫ്രി തോമസ് തുണ്ടിയിൽ, എബി ഏലിയാസ് പഴയകളം എന്നിവർ പ്രസംഗിച്ചു. ഉച്ചക്ക് മൂന്നിന് നടന്ന കരിയർ ഗൈഡൻസ് സെമിനാറിന് മാവേലിക്കര ഇൻസൈറ്റ് മിഷൻ ഡയറക്ടർ ഡോ. സുനിൽ ഡി. കുരുവിള നേതൃത്വം നല്കി.

വൈകിട്ട് 6–ന് ഉദ്ഘാടന സമ്മേളനം നടന്നു. **മതമില്ലാത്ത ജീവനും ജീവിതവുമല്ല ഇന്നിന്റെ ആവശ്യമെന്നും ധാർമ്മികതയിൽ ഉറച്ചുനില്ക്കുന്ന ആദ്ധ്യാത്മിക വളർച്ചയും ഭൗതിക നേട്ടവുമാണ് ഇന്നിന്റെ ആവശ്യമെന്ന്** സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് കേരളാ ധനകാര്യ വകുപ്പ് മന്ത്രി കെ. എം. മാണി പറഞ്ഞു. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ ആമുഖ പ്രസംഗം നടത്തി. ആന്റോ ആന്റണി എം.പി. ക്നാനായ ചരിത്ര പ്രദർശനം ഉദ്ഘാടനം ചെയ്തു. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണം നടത്തി. മുൻ മന്ത്രിമാരായ സി. എഫ്. തോമസ് എം.എൽ.എ., മോൻസ് ജോസഫ് എം.എൽ.എ. തുടങ്ങിയവർ മുഖ്യാതിഥികളായി പങ്കെടുത്തു. ക്നാനായ കോൺഗ്രസ് പ്രസിഡന്റ് റവ. ഫാ. ജേക്കബ് കല്ലുകുളം, റവ. പ്രൊഫ. കെ. ഒ. ജോസഫ് കുളത്രാമണ്ണിൽ, ഏലിയാസ് സഖറിയ പാറയിൽ, ബിനോയി കട്ടയിൽ, റവ. ഫാ. തോമസ് ഏബ്രഹാം കടപ്പനങ്ങാട്ട്, മാത്തുക്കുട്ടി കൂട്ടോലമഠം, ബാബു ജേക്കബ് അറയ്ക്കൽ, ബോബി പട്ടാളശ്ശേരിൽ, റവ. ഫാ. എൻ. സി. മാത്യു കൊന്നയ്ക്കൽ, ഷാജി കളത്തിൽ, തമ്പി ചിറയ്ക്കൽ, അമൽ കുറിയാക്കോസ് മഴവഞ്ചേരിൽ, ടോംസി പഴയകളം എന്നിവർ പ്രസംഗിച്ചു. ക്നാനായ സംഗമ ദിവസങ്ങളിൽ നടത്തിയ ക്നാനായ ചരിത്രപ്രദർശനത്തിന് നേതൃത്വം നല്കിയ ഏലിയാസ് ജേക്കബ് മാലിത്രയ്ക്ക് മൊമന്റോ നല്കി. തുടർന്ന് നീലംപേരൂർ സെന്റ് ജോർജ്ജ് വലിയപള്ളിയുടെ ക്നാനായ ചരിത്രത്തിലേക്ക് ഒരു തിരനോട്ടം എന്ന നൃത്തശില്പം അരങ്ങേറി. കലാമത്സരങ്ങളുടെ ഉദ്ഘാടനം സിനി ആർട്ടിസ്റ്റ് മണിക്കുട്ടൻ നിർവ്വഹിച്ചു. കലാസന്ധ്യ പ്രമുഖ സിനിമാ താരം കുമാരി അനന്യ ഉദ്ഘാടനം ചെയ്തു.

28–ന് രാവിലെ ഹൈസ്കൂൾ, കോളജ് വിദ്യാർത്ഥികളിൽനിന്നും മികച്ച പ്രതിഭകളെ കണ്ടെത്തുന്ന ക്നാനായ യുവപ്ര

തിഭാ മത്സരത്തിന്റെ പ്രാരംഭ മത്സരം നടന്നു. യുവപ്രതിഭാ മത്സരം ശ്രീ. എൽദോ മാത്യു പുന്നൂസ് ഐ.എഫ്.എസ്. ഉദ്ഘാടനം ചെയ്തു. ജേസീസ് നാഷണൽ ട്രെയിനർമാരായ സിജോ സഖറിയ, എ. പി. തോമസ് എന്നിവർ രണ്ടുദിവസങ്ങളിലായി നടന്ന മത്സരത്തിന് നേതൃത്വം നല്കി. ഉച്ചയ്ക്ക് മൂന്നിന് ക്നാനായ തനിമയെക്കുറിച്ചുള്ള സെമിനാർ മിഷൻ ഡയറക്ടർ എ. റ്റി. ഏബ്രഹാം ആലുംമൂട്ടിലിന്റെ അദ്ധ്യക്ഷതയിൽ കോട്ടയം ക്രിസ്തുരാജ് കത്തീഡ്രൽ പള്ളി വികാരി റവ. ഫാ. തോമസ് കരിമ്പുംകാലായിൽ സെമിനാറിന് നേതൃത്വം നല്കി. ഫാ. ജെയിംസ് ജേക്കബ് തോടത്തിൽ, കമാൻഡർ ടി. ഒ. ഏലിയാസ്, സന്ദീപ് താമരപ്പള്ളിൽ, സജി റ്റി. ചാക്കോ താന്നിക്കൽ എന്നിവർ പ്രസംഗിച്ചു.

വൈകിട്ട് കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടന്ന സാംസ്കാരിക സമ്മേളനം സി.എസ്.ഐ. മദ്ധ്യകേരള മഹായിടവക ബിഷപ്പ് റൈറ്റ് റവ. ഡോ. തോമസ് കെ. ഉമ്മൻ ഉദ്ഘാടനം ചെയ്തു. **ദൈവത്തെ കണ്ടെത്തുന്നതിൽ മാത്രമാണ് മതങ്ങൾ തമ്മിലുള്ള വ്യത്യാസമെന്നും കേരളത്തിലെ മതങ്ങളുടെയെല്ലാം സംസ്കാരം ഒന്നുതന്നെയാണെന്നും അദ്ദേഹം പറഞ്ഞു.** ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണം നടത്തി. യോഗക്ഷേമ സഭ സംസ്ഥാന പ്രസിഡന്റ് തന്ത്രി അക്കിരമൺ കാളിദാസ ഭട്ടതിരിപ്പാട് മുഖ്യപ്രഭാഷണം നടത്തി. ശ്രീ. തോമസ് ചാണ്ടി എം. എൽ.എ. മുഖ്യ അതിഥിയായി പങ്കെടുത്തു. സ്വാഗതംസംഘം ചെയർമാൻ റവ. ഫാ. സ്കറിയ മർക്കോസ് കൊച്ചുമംഗര, റവ. ഫാ. കെ. സി. ഏബ്രഹാം കട്ടത്തറ, റവ. ഫാ. മാത്യൂസ് ചെറുകരേത്ത്, പ്രൊഫ. ടോണി മാത്യു, മോൻ ചിലമ്പട്ടുശ്ശേരിൽ, ബിനോ ഏലിയാസ് പാറക്കുളം, ജെയ്മോൻ മേപ്രത്ത്, തമ്പി പഴയകളം, ലിജു കുറിയാക്കോസ് നെടുവോപ്പിൽ, തമ്പി തയ്യിൽ, കൊച്ചുമോൻ വരാത്ര, ജിജി കറുകേൽ, സോണി കളത്തിൽ എന്നിവർ പ്രസംഗിച്ചു. +2 പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ ബിൻജു ആൻ പുന്നൂസ് കൊറ്റുചാലിൽ 98% അൻസു എലിസബേത്ത് ജോൺ 97% ജൂലി പി. ആർ. പട്ടംപറമ്പിൽ 97% മിഥുൻ സന്തോഷ് കണ്ണൻന്താനത്ത് (മെഡിക്കൽ എൻട്രൻസ് 94 -ാം റാങ്ക്) എന്നിവരെ സമ്മേളനത്തിൽവെച്ച് അനുമോദിച്ചു. വൈകിട്ട് നടന്ന കലാമത്സരങ്ങളുടെ ഉദ്ഘാടനം മലർവാടി ആർട്സ് ക്ലബ്ബ് സിനിമാ നായകന്മാർ ചേർന്ന് നിർവ്വഹിച്ചു. തുടർന്ന് കലാസന്ധ്യയുടെ ഉദ്ഘാടനം റവന്യൂ വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവ്വഹിച്ചു.

29 ഞായറാഴ്ച ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് നടന്ന വനിതാ സമ്മേളനം ഇടുക്കി ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ പ്രൊഫ. ഷീലാ സ്റ്റീഫൻ ഉദ്ഘാടനം ചെയ്ത് മുഖ്യപ്രഭാഷണം നടത്തി. വെരി. റവ. എം. എ. കുറിയാക്കോസ് കോർ എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് അംഗം സരിതാ സന്തോഷ് മുഖ്യാതിഥിയായിരുന്നു. റവ. സിസ്റ്റർ ശൈനോ, മോളി രാജു പ്രാമിയിൽ, സുമാ എബി മഴുവഞ്ചേരിൽ, സിജി ബിനോയി കട്ടയിൽ, ആലീസ് ജെയിംസ് കോലത്ത്, എൽസി രാജു കൊച്ചിടശ്ശേരിൽ എന്നിവർ പ്രസംഗിച്ചു. ഉച്ചയ്ക്ക് ശേഷം നടന്ന ക്നാനായ യുവപ്രതിഭാ മത്സരത്തിന്റെ ഫൈനൽ റൗണ്ട് ബഹുമാനപ്പെട്ട കേരളാ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്തു. **വിദ്യാഭ്യാസ ആതുര സേവന രംഗത്ത് സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിച്ച ക്നാനായ സമുദായത്തിന്റെ കൂട്ടായ്മയും അച്ചടക്കവും സമൂഹത്തിന് ആത്മവിശ്വാസം പകരുന്നതാണെന്നും കൂടുതൽ ഉത്തരാവദിത്വം ഏറ്റെടുക്കുവാൻ ഇത്തരം കൂട്ടായ്മകൾ കരുത്താകട്ടെ** എന്നും ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞു. ശ്രീ. രാജു ഏബ്രഹാം എം.എൽ.എ., ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. പ്രതിഭാ ഹരി തുടങ്ങിയവർ പ്രസംഗിച്ചു. സന്തോഷ് കുര്യൻ മൂഴിക്കൽ, എബിൻ ഏബ്രഹാം ഇളയശ്ശേരിൽ, കൊച്ചുമോൻ ഒറ്റത്തൈക്കൽ, വി. ടി. ചെറിയാൻ വരാത്ര, ഡോ. റീബു കണ്ണംകേരിൽ, എബിൻ പഴയകളം എന്നിവർ പ്രസംഗിച്ചു. തുടർച്ചയായി നാലാം പ്രാവശ്യവും നിയമസഭയിലേക്ക് മത്സരിച്ച് വിജയിച്ച ക്നാനായ സമുദായാംഗം ശ്രീ. രാജു ഏബ്രഹാം എം.എൽ.എ.യെ സമ്മേളനത്തിൽവെച്ച് ആദരിച്ചു. യുവപ്രതിഭാ മത്സരത്തിൽ കുമാരി മേഘ അന്നു ജോസഫ് (കുറ്റൂർ പള്ളി) യുവപ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ടു. കുമാരി മരിയാ സാജൻ (കുറിച്ചി പള്ളി) റണ്ണറപ്പും, കുമാരി ഹന്നാ മോളു ജോയി പള്ളിക്കപറമ്പിൽ (നീലംപേരൂർ പള്ളി), ഡെലീനാ ഏബ്രഹാം (കല്ലിശ്ശേരി പള്ളി) എന്നിവർ സെക്കൻഡ് റണ്ണറപ്പുമായി തെരഞ്ഞെടുക്കപ്പെട്ടു. വൈകിട്ട് 6-ന് നടന്ന സമാപന സമ്മേളനം മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കൊടിക്കുന്നിൽ സുരേഷ് എം.പി. മുഖ്യാതിഥിയായി പങ്കെടുത്തു. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണം നടത്തി. കമാൻഡർ സ്കറിയാ തോമസ് എക്സ് എം.പി., ഷെവ. പ്രൊഫ. പ്രസാദ് കോയിക്കൽ, റവ. ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ, ബിജു പൂഴിക്കുന്നേൽ, അഡ്വ. ടിനോ കെ. തോമസ് കൊണ്ടൂർ, സാബു തോട്ടുങ്കൽ, ക്നാനായ കോൺഗ്രസ് ജനറൽ സെക്രട്ടറി സ്മിജു ജേക്കബ് മറ്റയ്ക്കാട്ട് എന്നിവർ പ്രസംഗിച്ചു.പരിശുദ്ധ പാത്രീയാർക്കീസ് ബാവായിൽനിന്ന് ഷെവലിയർ സ്ഥാനം ലഭിച്ച ക്നാനായ സമുദായ സെക്രട്ടറി പ്രൊഫ. പ്രസാദ് ജോസഫ് കോയിക്കലിനെയും, നാഷണൽ റോഡ് സൈക്ലിംഗ് ചാമ്പ്യൻ ചെങ്ങളം സെഹിയോൻപള്ളി ഇടവകാംഗം കുമാരി ലിഡിയമോൾ എം. സണ്ണി മേനാംപറമ്പിലനെയും സമ്മേളനത്തിൽവെച്ച് ആദരിച്ചു. ജനറൽ കൺവീനർ ശ്രീ. ജോയി തോമസ് പള്ളിക്കപ്പറമ്പിലിന്റെ കൃതജ്ഞതയോടുകൂടി സമ്മേളനം സമാപിച്ചു. സമ്മേളനാനന്തരം നീലംപേരൂർ പള്ളിയിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഫാഷൻ ഷോയും തുടർന്ന് സിനിമാറ്റിക് ഡാൻസ് മത്സരങ്ങളും അരങ്ങേറി.

മൂന്ന് ദിവസങ്ങളിലായി നടന്ന വിവിധ സമ്മേളനങ്ങളിൽ സംസ്ഥാന മന്ത്രിമാർ, മതമേലദ്ധ്യക്ഷന്മാർ, സാമൂഹ്യ സാംസ്കാരിക-രാഷ്ട്രീയ നേതാക്കന്മാർ തുടങ്ങിയ പ്രമുഖർ പങ്കെടുത്തു.

യുവതലമുറയുടെ കലാപാടവം പ്രോത്സാഹിപ്പിക്കുവാൻ നടത്തിവരുന്ന കലാമത്സരങ്ങൾ ഈ പരിപാടികൾക്ക് വർണ്ണഭംഗി നല്കി. ക്രിസ്തീയ ഗീതം, പ്രസംഗം, ബൈബിൾ കഥാപ്രസംഗം, നാടോടി നൃത്തം, സംഘനൃത്തം, മാർഗ്ഗംകളി, പരിചമുട്ട് കളി, മോണോ ആക്ട്, ആരാധനാ ഗീതം, പുരാതന ഗീതം, സുറിയാനി ആരാധനാ ഗീതം, ഫാൻസി ഡ്രസ്സ്, മിമിക്രി, സിനിമാറ്റിക് ഡാൻസ്, ക്നാനായ യുവപ്രതിഭാ മത്സരം, വെജിറ്റബിൾ കാർവിംഗ്, ബൊക്കെ ഡിസ്പ്ലെ, ഫ്ളവർ അറേഞ്ച്മെന്റ് തുടങ്ങിയ കലാമത്സരങ്ങളും വിവിധ ദിവസങ്ങളിലായി നടന്നു. കലാമത്സരങ്ങളിൽ നീലംപേരൂർ സെന്റ് ജോർജ്ജ് ക്നാനായ വലിയപള്ളി ഒന്നാം സ്ഥാനവും, കുറിച്ചി സെന്റ് ഇഗ്നാത്തിയോസ് ക്നാനായ പള്ളി രണ്ടാം സ്ഥാനവും, ഇരവിപേരൂർ സെന്റ് മേരീസ്, സെന്റ് ജോൺസ് പുത്തൻപള്ളി ചിങ്ങവനം എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. സമുദായ അംഗങ്ങളെ അന്യോന്യം കാണുന്നതിനും സ്നേഹം പുതുക്കുന്നതിനും ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കുന്നതിനും ഉതകുന്ന വിധം നടത്തപ്പെട്ട നമ്മുടെ കുടുംബമേളയ്ക്ക് നേതൃത്വം നല്കിയ അഭി. തിരുമേനിമാർ, വൈദ്യ വൈദികർ, ക്നാനായ കോൺഗ്രസ് കേന്ദ്ര, മേഖല, യൂണിറ്റ് ഭാരവാഹികൾ, സ്വാഗതസംഘം ഭാരവാഹികൾ, കൺവീനർമാർ, നീലംപേരൂർ പള്ളി ഭാരവാഹികൾ, ഇടവകാംഗങ്ങൾ, സിറിയൻ ക്നാനായ വാർഷിക സംഗമത്തിൽ പങ്കെടുക്കുകയും ചെറുതും വലുതുമായ പലരീതിയിൽ സഹായിക്കുകയും, എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.